A2/60/2026-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന വയലാർ രാമവർമ്മ മെമ്മോറിയൽ ട്രസ്റ്റിന് 2025-26 സാമ്പത്തിക വർഷം പദ്ധതിയേതര വിഹിതത്തിൽ അധികധനാനുമതിയായി വകയിരുത്തിയ തുക അനുവദിച്ച് ഉത്തരവാകുന്നു.

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.272/2026/CLAD തീയതി,തിരുവനന്തപുരം, 23-03-2026

പരാമർശം:- 1. വയലാർ രാമവർമ്മ മെമ്മോറിയൽ ട്രസ്റ്റ് സെക്രട്ടറിയുടെ 21.02.2026 തീയതിയിലെ അപേക്ഷ

2. സ.ഉ.(സാധാ)നം.2941/2026/ധന. തീയതി 17.03.2026

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന വയലാർ രാമവർമ്മ ട്രസ്റ്റിന് 2024-25 സാമ്പത്തിക വർഷം അനുവദിക്കാൻ ബാക്കിയുള്ള 3.5 ലക്ഷം രൂപ അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം വയലാർ രാമവർമ്മ മെമ്മോറിയൽ ട്രസ്റ്റ് സെക്രട്ടറി അപേക്ഷ സമർപ്പിച്ചിരുന്നു.

2. വയലാർ രാമവർമ്മ ട്രസ്റ്റിന് 2205-00-102-77-18 (NV) ശീർഷകത്തിൽ 2.8 ലക്ഷം രൂപയും 2205-00-102-56 (NV) ശീർഷകത്തിൽ 70,000/- രൂപയും ചേർത്ത് ആകെ ₹3,50,000/- (മൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അധികാനുമതിയിലൂടെ പരാമർശം (2) പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

3. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ, വയലാർ രാമവർമ്മ ട്രസ്റ്റിന് അധികധനാനുമതിയായി വകയിരുത്തിയ 2205-00-102-77-18 (NV) ശീർഷകത്തിലെ 2.8 ലക്ഷം രൂപയും 2205-00-102-56 (NV) ശീർഷകത്തിലെ 70,000/- രൂപയും ചേർത്ത് ആകെ 3,50,000/- രൂപ (മൂന്ന് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4. പ്രസ്തുത തുക 04.01.2021 ലെ 1/2021/ധന നം സർക്കുലറിലെ നിബന്ധന പ്രകാരം STSB അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അടുത്ത സാമ്പത്തിക വർഷം ആദ്യ ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ 2025-26 സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, വിശദമായ ചെലവ് വിവരം, പ്രതീക്ഷിത ചെലവ് വിവരം എന്നിവ ലഭ്യമാക്കേണ്ടതുമാണ്.

5. അധികധനാനുമതി മുഖേന അനുവദിച്ചിട്ടുള്ള തുക, നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപായി ധനപുനർവിനിയോഗം വഴി ക്രമീകരിക്കുന്നതിനുള്ള

സമയബന്ധിത നടപടികൾ സാംസ്കാരിക വകുപ്പ് ഡയറക്ടർ കൈക്കൊള്ളേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJEE R PILLAI

അണ്ടർ സെക്രട്ടറി

സെക്രട്ടറി, വയലാർ രാമവർമ്മ മെമ്മോറിയൽ ട്രസ്റ്റ്, NRA North 52, മെഡിക്കൽ കോളജ് പി.ഒ., തിരുവനന്തപുരം-11

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, അനന്തവിലാസം കൊട്ടാരം, ഫോർട്ട്, ഫോർട്ട് പി.ഒ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ധനകാര്യ വകുപ്പ് (അനൗദ്യോഗിക കുറിപ്പ് നം.3232468/വിദ്യാ-ഡി1/36/2025-ധന. തീയതി 19.03.2026)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Sheeba K P

Date: 23-03-2026 16:06:07

സെക്ഷൻ ഓഫീസർ